# 2018-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**2018-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും**

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1. ഘടന | .. | v |
| 2. റിപ്പോർട്ട് | .. | vii |
| 3. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ | .. | 1 |

# സബ്ജക്റ്റ് കമ്മിറ്റി V
# (2016-2018)
## (മരാമത്തും ഗതാഗതവും വാർത്താവിനിമയവും)

**ഘടന**

<u>ചെയർമാൻ:</u>

ശ്രീ. ജി. സുധാകരൻ
പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ :</u>

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
തുറമുഖവും മ്യൂസിയവും പുരാവസ്തുസംരക്ഷണവും വകുപ്പുമന്ത്രി

ശ്രീ. എ. കെ. ശശീന്ദ്രൻ
ഗതാഗത വകുപ്പുമന്ത്രി.

<u>അംഗങ്ങൾ:</u>

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. വി. അബ്ദുറഹിമാൻ

ശ്രീ. ജോൺ ഫെർണാണ്ടസ്

ശ്രീ. കെ. മുരളീധരൻ

ശ്രീ. ഒ. രാജഗോപാൽ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. വി. ആർ. സുനിൽ കുമാർ

ശ്രീ. സി. എഫ്. തോമസ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീമതി. എ. ഷൈല, ജോയിന്റ് സെക്രട്ടറി

ശ്രീമതി. എ. കെ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

# 2018-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി (ഭേദഗതി) ബിൽ

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ പരിഗണനയ്ക്കായി അയച്ച 2018-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി (ഭേദഗതി) ബിൽ, സമിതി പരിഗണിച്ചതനുസരിച്ചുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും അതിനോടനുബന്ധമായി ചേർത്തിട്ടുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. 2018-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി (ഭേദഗതി) ബിൽ 2018 ഫെബ്രുവരി 21-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2018, ഫെബ്രുവരി 27-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേദിവസം തന്നെ സഭ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. 2018 മാർച്ച് 8-ാം തീയതി സമിതിയോഗം ചേർന്ന് പ്രസ്തുത ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

2-ാം ഖണ്ഡത്തിൽ പ്രധാന ആക്ടിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന 9-ാം വകുപ്പിൽ "പോലീസ് ഇൻസ്പെക്ടർ ജനറലിന്റെ പദവിയിൽ താഴെയല്ലാത്ത" എന്നീ വാക്കുകൾക്ക് പകരം "അഖിലേന്ത്യാ സർവീസിൽ നിന്നുള്ള ഗവൺമെന്റ് സെക്രട്ടറിയുടെയോ പോലീസ് ഇൻസ്പെക്ടർ ജനറലിന്റെയോ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെയോ പദവിയിൽ താഴെയല്ലാത്ത" എന്നീ വാക്കുകൾ ചേർക്കുക.

4. മറ്റ് ഭേദഗതികൾ ആനുഷംഗികമോ ഘടനാപരമോ ആണ്.

ജി. സുധാകരൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി V.*

തിരുവനന്തപുരം,
2018 മാർച്ച് 8.

# 2018-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി (ഭേദഗതി) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത്)

[അടിവരയിട്ടത് സബ്ജക്ട് കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതികളെ സൂചിപ്പിക്കുന്നു]

2007-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ട് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക .— 2007-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ട് (2007-ലെ 8) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ ആറുപത്തിയൊൻപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും .— (1) ഈ ആക്റ്റിന് 2018-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി (ഭേദഗതി) ആക്ട് എന്ന് പേര് പറയാം.

(2) ഇത് 2017 നവംബർ 21-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 9-ാം വകുപ്പിനുള്ള ഭേദഗതി .— 2007-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ടിലെ (2007-ലെ 8) (ഇതിനുശേഷം പ്രധാന ആക്ട് എന്നാണ് പരാമർശിക്കപ്പെടുക) 9-ാം വകുപ്പിനു പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"9. റോഡ് സുരക്ഷാ കമ്മീഷണർ.— സർക്കാരിന്, ഈ ആക്റ്റിന്റെ ആവശ്യത്തിലേക്കായി, അഖിലേന്ത്യാ സർവീസിൽ നിന്നുള്ള ഗവൺമെന്റ് സെക്രട്ടറിയുടെയോ പോലീസ് ഇൻസ്പെക്ടർ ജനറലിന്റെയോ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെയോ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥനെ മുഴുവൻസമയ റോഡ് സുരക്ഷാ കമ്മീഷണറായി നിയമിക്കാവുന്നതാണ്." .

3. റദ്ദാക്കലും ഒഴിവാക്കലും .— (1) 2018-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി (ഭേദഗതി) ഓർഡിനൻസ് (2018-ലെ 5) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2018 മാർച്ച് 8.

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*